# KIDS CORNER

## വചനത്തിലെ പഴമൊഴികൾ

**ഏഴ് എഴുപതുവട്ടം ക്ഷമിക്കുക. (മത്താ: 18:22)**

സന്ധ്യ കഴിഞ്ഞാൽ വൈകാതെ കുടുംബ പ്രാർത്ഥന നടത്തിയിരിക്കണമെന്നത് കത്രീനാമ്മച്ചിയ്ക്ക് വളരെ നിർബ്ബന്ധമുള്ള കാര്യമാണ്. അമ്മച്ചി നാലുവരി പാട്ട് പാടുമ്പോൾ എല്ലാവരും പുസ്തകമായി എത്തിയിരിക്കും അന്ന് പതിവുപോലെ പ്രാർത്ഥനക്കായി എല്ലാവരും പുസ്തകമായി എത്തിയിരിക്കും. അന്ന് പതിവുപോലെ പ്രാർത്ഥനയ്ക്കായി എല്ലാവരും വന്നിരുന്ന് പാടുകയും, വായിക്കുകയും ചെയ്തു. പക്ഷെ മറിയം മാത്രം മിണ്ടാതെ ഇരുന്നത് അമ്മച്ചി ശ്രദ്ധിച്ചിരിന്നു. പ്രാർത്ഥന കഴിഞ്ഞ് അമ്മച്ചി കൊച്ചുമകളോട് കാരണം അന്വേഷിച്ചു. മാളു എന്ന സുഹൃത്ത് മറ്റുള്ള കുട്ടികളുടെ മുൻപിൽ വച്ച് അവളെ കളിയാക്കിയത്രെ. അതിനാൽ ഇനി അവളോട് മിണ്ടുകയില്ല. മറിയം തീർത്തു പറഞ്ഞു. അവൾ വലിയ വാശിയിളാണ്.

ഇതു കേട്ട അമ്മച്ചി പറഞ്ഞു 'നിന്നെക്കാൾ നല്ലത് ആ മാഗി പൂച്ചയാണ് '. അമ്മച്ചിയുടെ പൂച്ച പ്രയോഗം കേട്ട മിച്ചു ഓടിവന്ന് ചോദ്യശരങ്ങൾ തൊടുത്തു. ഏതാണ് മാഗി? എവിടെയാണ് മാഗി? എന്തിനാണ് അമ്മച്ചി അങ്ങനെ പറഞ്ഞത്. കത്രീനാമ്മച്ചി തന്റെ കഥ പറച്ചിലാരംഭിച്ചു.



പണ്ടുകാലം മുതല്ക്കേ മാർജ്ജരവംശവും, ശ്വാനവംശവും കടുത്ത ശത്രുത വച്ചുപുലർത്തുന്നവരായിരുന്നു. ഒരാൾ മറ്റൊരാളെ കണ്ടാൽ പല്ലും നഖവും ഉപയോഗിച്ച് എതിർക്കും. ശ്വാനവർഗ്ഗമാണ് സ്ഥിരം വിജയികൾ ആകുന്നത്. മേരി മദാമ്മയുടെ സുന്ദരിപൂച്ചയാണ് മാഗി. ഇവരുടെ അയൽവാസിയുടെ സന്തതസഹചാരിയാണ് ടൈഗർ എന്ന കറുമ്പൻ പട്ടി.

എപ്പോൾ നോക്കിയാലും മാഗി പൂച്ചയെ മദാമ്മ ഓമനിക്കുന്നത് കാണാം. അത് ടൈഗറിൽ അസൂയ ഉളവാക്കി. ഒരു ദിവസം പ്രഭാത സവാരിക്കിറങ്ങിയ ടൈഗർ യജമാനനെ വെട്ടിച്ച്, മാഗിയുടെ അടുത്തെത്തി മൂക്കും മുഖവും കടിച്ച് പറിച്ചു. ഓടിപ്പോകുവാൻ ശ്രമിച്ച പൂച്ചയുടെ വാലും

അവൻ മുറിവാലാക്കി. എന്നാൽ മേരിമദാമ്മയുടെ നല്ല ശുശ്രൂഷ അവളെ സൗഖ്യം പ്രാപിപ്പാൻ സഹായിച്ചു.

കുറെ നാളുകൾക്കുശേഷമാണ് മാഗി വീണ്ടും വെളിയിലിറങ്ങി നടക്കുവാൻ തുടങ്ങിയത്. ഒരു ദിവസം പ്രഭാത സവാരിക്കിറങ്ങിയ ടൈഗർ തന്റെ പഴയ ശത്രു കുറെ മുമ്പിലായി റോഡിൽകൂടി പോകുന്നത് കണ്ടു. മാഗി തന്നെയാണോ? നല്ല തടിവച്ചു എന്നോർത്തപ്പോഴാണ് ആ മുറിവാൽ ടൈഗർ കണ്ടത്. അതേ അത് അവൾ തന്നെ.

ബൗ..... ബൗ...... ബൗ........... കുരച്ചുകൊണ്ട് ടൈഗർ പുറകെ ഓടി. സാധാരണഗതിയിൽ പട്ടി കുരച്ചാൽ പൂച്ച ഓടും എന്നാലിവിടെ ഒന്നും സംഭവിക്കാത്ത മട്ടിൽ തന്റെ മുറിമുക്കും, മുറിവാലു മായി മാഗി റോഡിൽ തിരിഞ്ഞ് നിന്നു. ഹായ് ചേട്ടാ........ ഗുഡ് മോർണിംഗ്............ എന്തിനാ എന്റെ പുറകെ ഓടിയത്. വിളിച്ചാൽ ഞാൻ ഇവിടെ നില്ക്കുമായിരുന്നല്ലോ. ടൈഗറിന് വിശ്വസിക്കുവാൻ കഴിയുന്നില്ല. ഒന്നും മിണ്ടാതെ പുറകോട്ട് വലിയുവാൻ ശ്രമിച്ചു. ശത്രു മിണ്ടാതായപ്പോൾ മാഗി സംസാരിച്ചു തുടങ്ങി. എന്റെ സൗന്ദര്യം നശിപ്പിച്ച നിന്നെ എന്റെ മുറിവിന്റെ വേദനയിൽ ഞാൻ വെറുത്തു. നിന്നെ കൊല്ലുവാൻ ഞാനാഗ്രഹിച്ചു. പക്ഷേ എന്റെ മേരിമദാമ്മ പഴയതിനെക്കാൾ സ്നേഹത്തോടെ എന്നെ ശുശ്രൂഷിച്ചു. കൂടാതെ യേശു അപ്പച്ചൻ പറഞ്ഞതുപോലെ ഏഴല്ല, ഏഴുപ തുവട്ടം ക്ഷമിപ്പാൻ കരുത്തുള്ളവളാക്കി എന്നെ മാറ്റി. ഇനി നിന്നോട് എനിക്ക് വിരോധമില്ല. ഒരക്ഷരം മിണ്ടാതെ വാലു താഴ്ത്തി പോയ ടൈഗർ, മാഗിയുടെ വാക്കുകൾ അംഗീകരിച്ചതിന്റെ സൂചന യായി ഒരു പുഞ്ചിരി സമ്മാനിച്ചു. മാഗി ക്ഷമിച്ചതു കൊണ്ട് പിൽക്കാലത്ത് അവർ സുഹൃത്തുക്കളായി മാറി.

ഇതുപോലെ മോളും നാളെ കൂട്ടുകാരിയുടെ തെറ്റ് മനസ്സിലാക്കി കൊടുക്കണം. പരിഹാസി കളെ യഹോവയ്ക്ക് വെറുപ്പാണ്. ആരെയും വേദനിപ്പിക്കുന്ന വാക്കുകൾ പറയരുതെന്ന് പറയ ണം. എന്നും അവർക്കായി പ്രാർത്ഥിക്കണം. കഥ കേൾക്കയും, അമ്മച്ചി ഒരുമ്മ നൽകുകയും ചെയ്തപ്പോൾ മറിയത്തിന്റെ മുഖത്തെ കാർമേഘം മാറി. അടുത്ത ദിവസം അവൾ ചെയ്യേണ്ട പ്രവർത്തിയുടെ തുടക്കമായി അമ്മച്ചി അവളെക്കൊണ്ട് കൂട്ടുകാരിക്കായി പ്രാർത്ഥിപ്പിച്ചു.

പ്രിയകുഞ്ഞുങ്ങളെ! പരിധിയില്ലാത്ത ക്ഷമ നിങ്ങളിലുണ്ടാകണം, ചീത്ത കൂട്ടുകാരുടെ ആലോചന കേൾക്കരുത്, മറ്റുള്ളവരെ പരിഹസിക്കുന്നവരോട് കൂട്ട് കൂടരുത്. അവരുടെ മാറ്റത്തിനായി ക്ഷമയോട് പ്രാർത്ഥിക്കുക.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind